"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശാസ്ത്ര സാങ്കേതിക വകുപ്പ് - കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ - "ഗവേഷണ വികസന സ്ഥാപനങ്ങൾ" - 2021-2022 സാമ്പത്തിക വർഷം രണ്ടാം ഗഡു വിഹിതമായി 1695 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

**ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്**

സ.ഉ.(സാധാ) നം.7/2022/S&TD തീയതി,തിരുവനന്തപുരം, 12-02-2022

പരാമർശം:-

1. 07/05/2021 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ.23/2021/ശാ.സാ.വ.
2. 07/07/2021 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) ` നമ്പർ.32/2021/ശാ.സാ.വ.
3. 08/09/2021 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.32/2021/ശാ.സാ.വ
4. 22/10/2021 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ 51/2021/S&TD
5. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, മെമ്പർ സെക്രട്ടറിയുടെ 10/01/2022 തീയതിയിലെ കെ.എസ്.സി.എസ്.ടി.ഇ/914/2021-സി5 നമ്പർ കത്ത്

**ഉത്തരവ്**

2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ "ഗവേഷണ വികസന സ്ഥാപനങ്ങൾ" എന്ന പദ്ധതിയ്ക്ക്, "3425-60-200-71(01)-36- പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 5085 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. കഴിഞ്ഞ സാമ്പത്തിക വർഷാവസാനം സർക്കാർ റെസ്യൂം ചെയ്ത ഇനത്തിൽ, ടി പദ്ധതിയ്ക്ക് പരാമർശം( 1 ) പ്രകാരം 4,47,74,701/-രൂപയും, പരാമർശം( 2 ) പ്രകാരം 1,25,38,583/-രൂപയും അനുവദിക്കുകയുണ്ടായി.

3. ടി പദ്ധതിയ്ക്ക് 2021-22 സാമ്പത്തിക വർഷം 5085 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം(3) പ്രകാരം നൽകുകയുണ്ടായി.

4. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- "ഗവേഷണ വികസന സ്ഥാപനങ്ങൾ" - 2021-22 സാമ്പത്തിക വർഷം ആദ്യ ഗഡു വിഹിതമായി പരാമർശം(4) പ്രകാരം 1695 ലക്ഷം രൂപ അനുവദിച്ചിരുന്നു.

5. ടി പദ്ധതിയ്ക്ക് രണ്ടാം ഗഡുവായി ആകെ 1695 ലക്ഷം രൂപ അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശിത കത്ത് പ്രകാരം മെമ്പർ സെക്രട്ടറി ശിപാർശ

സമർപ്പിച്ചിരുന്നു.

6. സർക്കാർ ശിപാർശ പരിശോധിച്ച് 2021-22 സാമ്പത്തിക വർഷം, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള വിവിധ വികസന സ്ഥാപനങ്ങൾക്കുള്ള രണ്ടാം ഗഡു വിഹിതമായി 1695 ലക്ഷം രൂപ (പതിനാറ് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ) "3425-60-200-71-01-36-പ്ലാൻ" എന്ന ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നു.

I) 16/04/2018-ലെ സർക്കാർ ഉത്തരവ്(പി) നമ്പർ.62/2018/ധന വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറി PSTB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

ii) 09/12/2008-ലെ സർക്കുലർ നമ്പർ 84/2008/ധന, 30/01/2018-ലെ സർക്കുലർ നമ്പർ 08/2018/ധന എന്നിവയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09/01/2020-ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.4/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.93/2020/ധന തീയതി 11/9/2020 പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

iv) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രൊഫ.ഡോ.കെ.പി സുധീർ
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ്-ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് 09/02/2022 തീയതിയിലെ [PU-C4/124/2021-ധന] നമ്പർ പ്രകാരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signed by Manjusha.s
ഉത്തരവിൻ പ്രകാരം
Date: 14-02-2022 11:54:37

സെക്ഷൻ ഓഫീസർ